(5) Survey of and selection of various pipe line alignments.
(6) Designs of various residential and non-residential buildings.
(7) Preliminary design of dam and appurtenances.
(8) Selection and ordering of all construction plant.
(9) Stripping of selected dam site.
(10) Construction of 22 KV. Temporary Power line from Peringalkuthu to Kalyanapandal, for construction power purposes.

മിസ്റ്റർ പി. നാരായണമേനോൻ: ഇക്കൊല്ലത്തിൽതന്നെ ചില ടണത്സ് ഉണ്ടാക്കുന്നുണ്ട് എന്നു കേൾക്കുന്നുണ്ട്. അതു് പരമാർത്ഥമാണോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ടണത്സുണ്ടാക്കാൻ ഒരാളെ വച്ചിട്ടുണ്ട്. Maclin എന്നാണ് അദ്ദേഹത്തിന്റെ പേർ.

മിസ്റ്റർ പി. നാരായണമേനോൻ: അതിന്റെ പണിതുടങ്ങിയോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഉവ്വ്.

മിസ്റ്റർ പി. നാരായണമേനോൻ: അവിടെ ബോറിങ്ങിന്റെ പണി തുടങ്ങിയിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ചില സ്ഥലത്തു തുടങ്ങിയിട്ടുണ്ടാവും. കൃത്യമായി പറയണമെന്നുണ്ടെങ്കിൽ നോട്ടീസ്സുവേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ബഹുമാനപ്പെട്ട മന്ത്രി ആ സ്ഥലം സന്ദർശിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഇല്ല.

ASSAULT ON KURUMBA

277. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) അന്തിക്കാട്ട് എക്സൈസ് ഇൻസ്പെക്ടർ മിസ്റ്റർ അയ്യപ്പക്കുട്ടി മണലൂർ ദേശക്കാരിയും വേട്ടുവ സമുദായ അംഗവുമായ ഒരു അയ്യപ്പൻ മകനും കുടുംബത്തെ അടിച്ചുതായി വല്ല പരാതിയും കഴിഞ്ഞ മകരമാസത്തിനുശേഷം അന്തിക്കാട്ട പോലീസ് സ്റ്റേഷനിൽ കിട്ടുകയുണ്ടായൊ;

(ബി) ഇക്കാര്യത്തിൽ എന്തന്വേഷണം നടത്തി; അതിന്റെ ഫലമെന്തു?

റാവു സാഹിബ്ബ് എ. മാധവപ്രഭു:

(എ) ഉവ്വ്.

(ബി) അതിനെപ്പറ്റി ഒരു കേസ്സ് റജിസ്റ്റ്ചെയ്തു. അന്വേഷിക്കുന്നതിന്നായി കോടതി സാങ്ഷൻ ചോദിച്ചിട്ടുണ്ട്. സാങ്ഷൻ കിട്ടിയിട്ടില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഹ്മ്റാഹ്: ഇതിനു കോടതിയുടെ സാങ്ഷൻ എന്തിനാണ്?

റാവുസാഹിബ്ബ് എ. മാധവപ്രഭു: Depressed Classes കൊണ്ടുവന്നിട്ടുള്ള assault സ്കടഹർജികൾ തള്ളുന്നതു കൊടതിയിൽ കേസ്സ് charge ചെയ്ത കോടതി കല്പിക്കുന്നതുപോലെ മതിഎന്നാണ് വെച്ചിട്ടുള്ളതു.

PRICE OF SOAP—INCREASE OF

278. **Mr. Paramel Ipe Ipe** *(Kunnamkulam)*: Will Government be pleased to state.—
(*a*) what is the percentage of increase in the price of soaps made in Cochin (particularly those made by Tata Oil Mills, Ltd., Ernakulam) and those made outside like Lux Toilet Soap, Pears Soap, etc., made by Lever Bros., Ltd., and other similar companies after the control of the price of cocoanut oil;
(*b*) is cocoanut oil a main ingredient in the manufacture of soaps?

Mr. P. Govinda Menon *(Minister for Food and Education)*:
(*a*) (*i*) Messrs. Tata Oil Co., Ltd., Ernakulam.—The percentage of increase on prices prevailing before the introduction of control over the prices of cocoanut oil varies from 14 per cent to 23 per cent.
(*ii*) Messrs. Lever Bros., Ltd.—The percentage of increase on prices prevailing before the introduction of control over the prices of cocoanut oil varies from 18 to 21·5 per cent.
(*b*) Yes.

LIBRARY ARCHIVES Kerala Legislative Assembly

Mr. Paramel Ipe Ipe *(Kunnamkulam):* May I know whether the Tata Mills were getting cocoanut oil at a Subsidised rate from Colombo?

Mr. P. Govinda Menon *(Minister for Food and Education):* Not at a subsidised rate. They were getting it at controlled rates.

Mr. Paramel Ipe Ipe *(Kunnamkulam):* When there was no control, for cocoanut oil were they getting it at lower price?

Mr. P. Govinda Menon *(Minister for Food and Education):* Not from this Government.

Mr. Paramel Ipe Ipe *(Kunnamkulam):* From outside Cochin.

Mr. P. Govinda Menon *(Minister for Food and Education):* Government have no information.

PANANCHERY VILLAGE—ATTACK OF MALARIA

279. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ൧൯൪൬-ൽ പാണഞ്ചേരി വില്ലേജിൽ എത്രപേർക്കു മലമ്പനി പിടിച്ചു;

(ബി) എത്രപേർ ആ വില്ലേജിൽ മനമ്പനിമൂലം ൧൯൪൬-ൽ മരിച്ചു?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ൪൭൮ പേർ.

(ബി) ൧൩.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൪൭൮ പേർക്കു് മലമ്പനി പിടിച്ചു എന്നു പറഞ്ഞിട്ടുണ്ടു്. ഇതു് ഏതു തിയ്യതിവരെയാണു്?

റാവുബഹദൂർ ടി. കെ. നായർ: ചിങ്ങമാസം മുതൽ ഇടവമാസംവരെ.

മിസ്റ്റർ കെ. ടി. അച്യുതൻ: മലമ്പനി നിവാരണ പരിശ്രമത്തിനു് ഒരു ആഫീസർ അവിടെയില്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടു്. അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഫലമായിട്ടാണു മരണത്തിന്റെ തോതു കുറഞ്ഞിരിക്കുന്നതു്. നല്ല നല്ല മരുന്നുകളും ഇവിടെ ഉപയോഗിച്ചു മലമ്പനിയുടെ കാഠിന്യത്തെ കുറയ്ക്കാൻ ശ്രമിക്കുന്നുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മലേറിയൽ പിൽസ് അവിടെ ഉപയോഗിച്ചു നോക്കാൻ എന്താണു് വിരോധം?

റാവുബഹദൂർ ടി. കെ. നായർ: ഇപ്പോൾ അവിടെ കൊയിനയുംമറ്റും, ഉപയോഗിക്കുന്നുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: നല്ലമരുന്നു കൊടുക്കുകയാണെങ്കിൽ മരണത്തോതു കുറയുകയില്ലേ?

റാവുബഹദൂർ ടി. കെ. നായർ: മരണത്തോതും ഇപ്പോൾതന്നെ കുറഞ്ഞിട്ടുണ്ടല്ലോ. ൪൭൮ പേർക്കു് സുഖക്കേടു പിടിച്ചിട്ടു് ൧൩ പേർ മാത്രമേ മരിച്ചതായി കണക്കാക്കിയിട്ടുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മലേറിയൽ B എന്ന പിൽസ് ഒന്നു ഉപയോഗിച്ചു നോക്കുന്നതിനെന്താണു വിരോധം?

റാവുബഹദൂർ ടി. കെ. നായർ: ഈ മരുന്നു നല്ലതായിരിയ്ക്കാം. പക്ഷെ ഒരു മെഡിക്കൽ മന്ത്രിയ്ക്കു് ഏതെല്ലാം മരുന്നാണു് ഉപയോഗിയ്ക്കേണ്ടതു് എന്നു നിർദ്ദേശിയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതൊക്കെ തീർച്ചയാക്കാൻ അവിടെ ആളെവച്ചിട്ടുണ്ടു്.

PRICE OF TEA AND COFFEE—DETAILS REGARDING

280. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state.—

(a) what is the percentage of increase in the price of tea and coffee per lb. after the cessation of the recent war;

(b) what is the total quantity of coffee and tea produced in Cochin State annually?

Mr. C. R. Iyyunni *(Minister for Revenue):*

(a) The percentage of increase in price of tea is 15 to 20 per cent. The price of coffee remains the same.

LIBRARY ARCHIVES Kerala Legislative Assembly